ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പൊവ്വൽ കോട്ടയ്ക്ക് 8.44 ഏക്കർ സ്ഥലം ഉണ്ട്. പ്രസ്തുത കോട്ട പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. സംരക്ഷിത സ്മാരകമാക്കുമ്പോൾ സ്മാരകം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ റവന്യൂ രേഖകൾ ആവശ്യപ്പെട്ട് അതനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ സ്മാരകങ്ങളുടെ സ്ഥലവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്താറില്ല.

(ബി) കോട്ട ഉൾപ്പെടുന്ന സ്ഥലത്തെ കാടുകൾ നീക്കം ചെയ്യുന്നതിനും കോട്ടയ്ക്ക് ഭീഷണി സൃഷ്ടിക്കുന്ന മരങ്ങൾ കോട്ടയ്ക്ക് കേടുപാടുകൾ സൃഷ്ടിക്കാതെ നീക്കം ചെയ്യുന്നതിനും വെട്ട്കല്ല് ഉപയോഗിച്ചുള്ള പുനരുദ്ധാരണ പണികൾ ചെയ്യുവാനും അമ്പലത്തിന്റെയും വാച്ച്മാൻ ക്യാബിന്റെയും സംരക്ഷണപ്പണികളും അതിർത്തിയിലുള്ള സംരക്ഷണ വേലിയുടെ പെയിന്റിംഗും ബോർഡ് സ്ഥാപിക്കുന്നതിനുമായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പണിയുടെ എൺപത് ശതമാനത്തോളം പൂർത്തിയാക്കിയിട്ടുണ്ട്.

സാംസ്കാരിക കേന്ദ്രങ്ങളും ചരിത്രസ്മാരകങ്ങളും

83 (4118) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സാംസ്കാരിക കേന്ദ്രങ്ങൾ ഏതെല്ലാമാണ് ; അവ എവിടെയെല്ലാമാണ് ; വ്യക്തമാക്കുമോ ;

(ബി) നിരവധി ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും സ്മരിക്കപ്പെടേണ്ട വ്യക്തികളുമുള്ള കേരളത്തിൽ ഈ സർക്കാർ കാലയളവിൽ ഈ സ്ഥലങ്ങളെയും വ്യക്തികളെയും സംബന്ധിക്കുന്ന എത്ര സ്മാരകങ്ങൾ സ്ഥാപിക്കുകയോ നിർമ്മിക്കുകയോ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇവയ്ക്കായി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ ;

(ഡി) സ്മാരകങ്ങൾ നിർമ്മിക്കുമ്പോൾ എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്ന് വ്യക്തമാക്കുമോ ; സ്മാരകങ്ങളായി കേവലം കെട്ടിടങ്ങൾ പണിയുന്നതിന് പകരം സ്മരിക്കപ്പെടേണ്ട വ്യക്തികളുടെ പ്രവർത്തനമേഖലയ്ക്ക് സജീവത നൽകുംവിധം സ്മാരകങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംഗീത നാടക അക്കാദമിയുടെ കീഴിൽ കൊല്ലം കടവൂരിൽ ഭരത് മുരളി സ്മാരക സമുച്ചയം, ആലപ്പുഴ മാവേലിക്കര പല്ലാരിമംഗലത്ത് നരേന്ദ്രപ്രസാദ് സ്മാരക നാടക പഠന ഗവേഷണകേന്ദ്രം എന്നിവയും കേരള സാഹിത്യ അക്കാദമിയുടെ കീഴിൽ തൃശ്ശൂർ എരവിമംഗലത്ത് ഡോ.സുകുമാർ അഴീക്കോട് സ്മാരകം, തൃശ്ശൂർ തിരുവില്വാമലയിൽ വി.കെ.എൻ. സ്മാരകം എന്നിവയും ആരംഭിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമിയുടെ കീഴിൽ തൃശ്ശൂർ പുന്നയൂർക്കുളത്ത് കമലാസുരയ്യാ സ്മാരക നിർമ്മാണം പുരോഗമിച്ചുവരികയാണ്. കേരള ലളിതകലാ അക്കാദമിയുടെ കീഴിൽ കിളിമാനൂരിൽ രാജാരവിവർമ്മയുടെ സ്മരണാർത്ഥം ആർട്ട് ഗ്യാലറിയും, കായംകുളത്ത് കാർട്ടൂണിസ്റ്റ് ശങ്കറിന്റെ സ്മരണാർത്ഥം കാർട്ടൂൺ മ്യൂസിയവും കൊടുങ്ങല്ലൂരിൽ ആധുനിക ചിത്രകലാകാരനായ മാധവമേനോന്റെ സ്മരണാർത്ഥം ആർട്ട് ഗ്യാലറിയും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ, മലമ്പുഴ, നെടുമ്പാശ്ശേരി, കാലടി, മാനന്തവാടി എന്നിവിടങ്ങളിലും ആർട്ട് ഗ്യാലറികൾ സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ ശ്രീകണ്ഠാപുരത്ത് ഗ്ലോബൽ ആർട്ട് വില്ലേജിന്റെ പണി നടന്നുവരുന്നു. തിരുവനന്തപുരം വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യസമര ചരിത്രസ്മാരക നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വൈക്കംനഗരസഭാ സമുച്ചയത്തിൽ വൈക്കംസത്യാഗ്രഹ മ്യൂസിയവും ഗാന്ധിപ്രതിമയും സ്ഥാപിക്കുന്നതിലേക്കായി നിർമ്മാണം നടന്നുവരുന്നു. നവോത്ഥാന മുന്നേറ്റങ്ങൾക്ക് നാന്ദികുറിച്ച വൈക്കംസത്യാഗ്രഹ സ്മാരകമായി വൈക്കം സത്യാഗ്രഹസ്മൃതി ശിൽപ ഉദ്യാനത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. കേരള നാടൻകലാഅക്കാദമിയുടെയും പുരാവസ്തു വകുപ്പിന്റെയും കീഴിൽ പാലക്കാട് വാദ്യോപകരണ മ്യൂസിയം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട, വയനാട് എന്നിവിടങ്ങളിൽ ജില്ലാപൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്ന നടപടി നടന്നുവരുന്നു.

(സി) സ്മാരകം

(1)	തുക (രൂപയിൽ) (2)
ഭരത് മുരളി സ്മാരകം	9,00,000
നരേന്ദ്രപ്രസാദ് സ്മാരക നാടക പഠന കേന്ദ്രം	9,00,000
ഡോ.സുകുമാർ അഴീക്കോട് സ്മാരകം	61,25,000
കമലാസുരയ്യാ സ്മാരകം	85,95,000

(1)	(2)
ശങ്കർ സ്മാരക ദേശീയ കാർട്ടൺ മ്യൂസിയം	47,22,407
രാജാരവിവർമ്മ സ്മാരകം	73,76,658
രാജാരവിവർമ്മ സ്മൃതിമണ്ഡപം	14,92,055
രാജാരവിവർമ്മ സ്മാരക ആർട്ട് ഗ്യാലറി	28,34,500
കൊടുങ്ങല്ലൂർ മാധവമേനോൻ സ്മാരക ആർട്ട് ഗ്യാലറി	7,42,344
വട്ടിയൂർക്കാവ് സ്വാതന്ത്ര്യസമര ചരിത്ര സ്മാരകം	1,75,00,000
വൈക്കം സത്യാഗ്രഹ മ്യൂസിയം, ഗാന്ധിപ്രതിമ	75,00,000

(ഡി) സ്മരിക്കപ്പെടേണ്ട വ്യക്തികളുടെയും സ്ഥലങ്ങളുടെയും സംഭവങ്ങളുടെയും മേഖലയ്ക്ക് സജീവത നൽകംവിധമാണ് സ്മാരകങ്ങൾ നിർമ്മിച്ചു വരുന്നത്. ഇന്ത്യയിലെ വിശ്രുത ചിത്രകാരനായിരുന്ന രാജാരവിവർമ്മയുടെ സ്മരണാർത്ഥം ജന്മനാടായ കിളിമാനൂരിൽ ഒരുക്കിയ സ്മാരകത്തിൽ രവിവർമ്മയുടെ ചിത്രപ്പകർപ്പുകളാണ് പ്രദർശിപ്പിക്കുന്നത്. കാർട്ടൂണിസ്റ്റ് ശങ്കറിന്റെ സ്മാരകമായി സ്ഥാപിച്ച കായംകുളം കൃഷ്ണപുരം കാർട്ടൺ മ്യൂസിയത്തിൽ ശങ്കറിന്റെ രചനകളും അദ്ദേഹം സർഗ്ഗസൃഷ്ടിക്ക് ഉപയോഗിച്ച രചനാസാമഗ്രികളും പ്രദർശിപ്പിച്ചിട്ടുണ്ട്. ആധുനിക ചിത്രകലാകാരനായ മാധവ മേനോന്റെ സ്മരണാർത്ഥം കൊടുങ്ങല്ലൂരിൽ നിർമ്മിച്ച ആർട്ട് ഗ്യാലറിയിൽ അദ്ദേഹത്തിന്റെ ചിത്രങ്ങൾ ആർക്കൈവൽ ക്വാളിറ്റിയിൽ പ്രിന്റ് ചെയ്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. ഇന്ത്യൻനവോത്ഥാന സമര ചരിത്രത്തിലെ നിർണ്ണായക സമരമായ 1924-ലെ വൈക്കം സത്യാഗ്രഹത്തിന്റെ സ്മരണകൾ പുതുതലമുറകളിലേക്ക് പകരുന്നതിനായി സമകാലീന രീതിയിൽ രൂപകൽപ്പനചെയ്ത ശിൽപ്പങ്ങളാണ് വൈക്കം സത്യാഗ്രഹസ്മൃതി ശിൽപ ഉദ്യാനത്തിൽ ഉള്ളത്.

കാഞ്ഞങ്ങാടിലെ മടിയൻ കലോം ക്ഷേത്രത്തിലെ ശിലപ്പങ്ങൾ

84 (4119) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ മടിയൻ കലോം ക്ഷേത്രത്തിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ദാരുശിൽപ്പങ്ങൾ സംരക്ഷണമില്ലാതെ നശിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly